(ബി) എല്ലാ ഇനത്തിലുമായി തിരുവനന്തപുരം ജില്ലയിൽ ആകെ ലഭിച്ച പരാതികളുടെ വിവരം താലൂക്ക് തിരിച്ച് താഴെ കൊടുത്തിരിക്കുന്നു :

1. തിരുവനന്തപുരം - 3404
2. നെയ്യാറ്റിൻകര - 4255
3. നെടുമങ്ങാട് - 5072
4. ചിറയിൻകീഴ് - 3544

(സി)

	അപേക്ഷയുടെ ഇനം	ലഭിച്ച അപേക്ഷകളുടെ എണ്ണം	തീർപ്പാക്കിയവയുടെ എണ്ണം
1.	പോക്കുവരവ്	4776	4325
2.	പട്ടയം	1216	383
3.	കൈവശ ഭൂമിയും റവന്യൂ രേഖകളും തമ്മിലുള്ള വ്യത്യാസം പരിഹരിക്കൽ	2140	379
4.	മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി	1320	506
5.	പ്രകൃതിക്ഷോഭ നിധി	1368	837
6.	വിവിധ സർട്ടിഫിക്കറ്റുകൾ	4474	4104
7.	പുനരധിവാസ ഭവന പദ്ധതി	215	66
8.	ഡെസ്റ്റിറ്റ്യൂട്ട് പെൻഷനുകൾ	203	8
9.	കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകൽ	248	157
10.	ജനന മരണ രജിസ്ട്രേഷനുകൾക്കുണ്ടായ കാലതാമസം ഇളവ് ചെയ്ത് സർട്ടിഫിക്കറ്റ് നൽകൽ.	33	5

(ഡി) നെയ്യാറ്റിൻകര താലൂക്കിൽ അദാലത്ത് ദിവസത്തെ ചെലവുകൾ സന്നദ്ധ സംഘടനകളുടെ സഹായത്താൽ നടത്തുകയുണ്ടായി. മറ്റ് താലൂക്കുകളിൽ ശരാശരി 5000 രൂപ ചെലവായിട്ടുണ്ട്. സർക്കാർ തുകയൊന്നും അനുവദിച്ചിരുന്നില്ല.

റവന്യൂ അദാലത്ത് വഴി പട്ടയം

105 [1044] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈയിടെ നടന്ന റവന്യൂ അദാലത്ത് വഴി എത്ര പേർക്കാണ് പട്ടയം നൽകിയത് ; എത്ര ഹെക്ടർ ഭൂമിക്ക് പട്ടയം നൽകി ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടയം നൽകുന്നതിന് മുൻപ് ബന്ധപ്പെട്ട ലാന്റ് അസൈസ്മെന്റ് കമ്മിറ്റികൾ കൂടി പട്ടയത്തിന് അർഹതപ്പെട്ടവരുടെ ലിസ്റ്റ് അംഗീകരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അദാലത്തുവഴി പട്ടയം നൽകുന്നതിന് പ്രസ്തുത വ്യവസ്ഥ പാലിച്ചിട്ടുണ്ടോ : വിശദാംശം വ്യക്തമാക്കുമോ ;

(സി) അദാലത്തുവഴി പട്ടയം ലഭിച്ചവരുടെ ലിസ്റ്റ് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഓരോരുത്തർക്കും പട്ടയം നൽകിയ ഭൂമിയുടെ വിസ്തൃതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

റവന്യൂ അദാലത്ത് വഴി നൽകിയ പട്ടയങ്ങൾ

106 [1045] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2005, 2006 വർഷങ്ങളിൽ ഓരോ ജില്ലയിലും എത്ര റവന്യൂ അദാലത്തുകൾ നടത്തിയിട്ടുണ്ട് ;

(ബി) ഈ അദാലത്തുകൾ വഴി എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-1-2006 മുതൽ 20-1-2006 വരെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വില്ലേജ്തല റവന്യൂ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ അദാലത്ത് നൽകിയ പട്ടയങ്ങളുടെ കണക്ക് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

ജില്ല	*എണ്ണം*
തിരുവനന്തപുരം	383
കൊല്ലം	1396
പത്തനംതിട്ട	191
ആലപ്പുഴ	246
കോട്ടയം	371
ഇടുക്കി	306
എറണാകുളം	1004
തൃശ്ശൂർ	1077
പാലക്കാട്	626
മലപ്പുറം	296
കോഴിക്കോട്	382
വയനാട്	718
കണ്ണൂർ	40
കാസർഗോഡ്	1224

LIBRARY ARCHIVES Kerala Legislative Assembly